(ബി) കലാമിറ്റി റിലീവ് ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ നിബന്ധനകൾ പാലിക്കേണ്ടതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് നിലവിലുള്ള രീതിയിൽ മാറ്റം വരുത്താൻ സാധിക്കുകയില്ല. Norms കേരളത്തിലെ പ്രത്യേക സാഹചര്യങ്ങൾക്ക് അനുസരിച്ച് മാറ്റുവാൻ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഇല്ല. ഉദിക്കുന്നില്ല.

(ഡി) നിലവിലുള്ള മാനദണ്ഡമനുസരിച്ച് ജില്ലാ കളക്ടർ, ബ്ലോക്ക് പഞ്ചായത്ത്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവ വഴിയാണ് പ്രവൃത്തികൾ നടപ്പാക്കുന്നത്. ജില്ലാ കളക്ടർക്ക് പുറമെ Block, D.R.D.A. എന്നീ സ്ഥലങ്ങളിലുള്ള പരിശോധനകളും നടത്തി വരുന്നുണ്ട്.

പുതിയ അതിവേഗ കോടതികൾ ആരംഭിക്കാൻ നടപടി

17 [3187] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ അതിവേഗ കോടതികൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഇത്തരത്തിൽ എത്ര കോടതികളാണ് നിലവിലുള്ളത്;

(സി) നിലവിലുള്ള കോടതികളേയും കേസുകളുടെ എണ്ണവും സംബന്ധിച്ച് ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ?

ഉത്തരം

(എ) 24-1-2004, 24-5-2004 എന്നീ തീയതികളിലെ സർക്കാർ ഉത്തരവുകൾ (കൈയെഴുത്ത്) 29/2004/ആഭ്യന്തരം, 197/04/ആഭ്യന്തരം പ്രകാരം തിരുവനന്തപുരം ജില്ലയിൽ രണ്ടും കൊല്ലം പത്തനംതിട്ട, മാവേലിക്കര, പാലക്കാട്, മഞ്ചേരി, കല്പറ്റ, തലശ്ശേരി കാസർകോട്, വടക്കൻപറവൂർ എന്നിവിടങ്ങളിൽ ഓരോന്നുവീതവും അതിവേഗ കോടതികൾ സ്ഥാപിക്കാൻ തീരുമാനിച്ചു.

(ബി) ഇപ്പോൾ സംസ്ഥാനത്ത് ഇരുപത്തിയേഴ് അതിവേഗ കോടതികളാണ് പ്രവർത്തിക്കുന്നത്.

(സി) സമയാസമയങ്ങളിൽ അതിവേഗ കോടതികളുടെ പ്രവർത്തനം ഹൈക്കോടതി നിരീക്ഷിച്ചുവരുന്നു.

പത്തനംതിട്ട ജില്ലയിലെ പഞ്ചായത്തുകൾ റിവർ മാനേജ്മെന്റ് ഫണ്ടിൽ അടച്ച തുക

18 [3189] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ ഓരോ പഞ്ചായത്തിൽ നിന്നും 2004 ജൂലായ് വരെ എത്ര രൂപ വീതമാണ് റിവർ മാനേജ്മെന്റ് ഫണ്ടിൽ അടച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly